


# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

വാർഡ്  : മടക്കര വെസ്റ്റ്

പഞ്ചായത്ത്: മാട്ടൂൽ

ജില്ല :കണ്ണൂർ

റിപ്പോർട്ട് തയ്യാറാക്കിയത്:

ശിൽപ കെ പി

മഹാത്മാഗാന്ധി ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് നിയമം

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

(MGNSAK)

ഉള്ളടക്കം

| ക്രമനമ്പർ | ഉള്ളടക്കം | |
|---|---|---|
| 1 | കവർ പേജ് | |
| 2 | ഉള്ളടക്കം | |
| 3 | ആമുഖം | |
| 4 | പഞ്ചായത്ത് ഭൂപടം | |

| | | |
|---|---|---|
| 5 | സോഷ്യൽ ഓഡിറ്റിനു വിധേയമക്കിയ പ്രവർത്തികൾ | |
| 6 | ഫീൽഡ് തല പരിശോധന സംബന്ധിച്ച് | |
| 7 | ഫയൽ പരിശോധന സംബന്ധിച്ച് | |

| | | |
|---|---|---|
| 8 | അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ | |
| 1 | രജിസ്റ്ററുകൾ | |
| 10 | പൊതു വിലയിരുത്തലുകൾ | |
| 11 | നിർദ്ദേശങ്ങൾ | |

ആമുഖം

2005 സെപ്റ്റംബർ അഞ്ചിന് നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അടിസ്ഥാനമാക്കിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിവരുന്നത്. 100 ദിവസം തൊഴിൽ  ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പദ്ധതി നടക്കുന്നത്. 18 വയസ്സ് തികഞ്ഞ ഏതൊരു വ്യക്തിക്കും ഈ പദ്ധതിയിൽ അംഗമാകാം. ഇന്ത്യയിലെ 199 ജില്ലകളിൽ ആയിരുന്നു ഈ പദ്ധതി ആദ്യമായി വന്നിരുന്നത് പിന്നീട് 130 ജില്ലകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിച്ചു 2006 ഫെബ്രുവരി അഞ്ചിന് കേരളത്തിലെ വയനാട് പാലക്കാട് എന്നീ ജില്ലകളിൽ ഈ പദ്ധതി പ്രാബല്യത്തിൽ വന്നു. പിന്നീട് 2008 ഏപ്രിൽ 1 ന് കേരളത്തിലെ എല്ലാ ജില്ലകളിലേക്കും ഇത് വ്യാപിച്ചു.

മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 5 ലെ 2018 19 സാമ്പത്തിക വർഷത്തിലെ പ്രവർത്തികളും പദ്ധതി നിർവഹണ വുമായി ബന്ധപ്പെട്ട ഇടപെടലുകളും ആണ് സോഷ്യൽ ഓഡിറ്റിനും വിധേയമാക്കിയത് മാട്ടൂൽ പഞ്ചായത്ത് ഓഫീസിൽ നിന്നും പ്രവർത്തി ഫയൽ പരിശോധന, രജിസ്റ്റർ പരിശോധന, വാർഡിലെ  വിവിധ സ്ഥലങ്ങളിൽ നടപ്പാക്കിയ പ്രവർത്തി സ്ഥലങ്ങൾ സന്ദർശിച്ചു, തൊഴിലുറപ്പ് തൊഴിലാളികൾ മറ്റ് സാമൂഹിക പ്രവർത്തകർ എന്നിവരുമായുള്ള അഭിമുഖം, എന്നിവയുടെ അടിസ്ഥാനത്തിലാണ് സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് തയ്യാറാക്കിയത് പ്രസ്തുത ഇപ്പോൾ ഗ്രാമസഭയുടെ ചർച്ചയ്ക്കും അംഗീകാരത്തിനും ആയി സമർപ്പിക്കുന്നു

പഞ്ചായത്ത് ഭൂപടം


MATTUL GRAMA PANCHAYATH
P.O.MATTUL, KANNUR (DT) 670302
MADAYI GRAMA PANCHAYATH
CHERUKUNNU GRAMA PANCHAYATH
KANNAPURAM GRAMA PANCHAYATH
KALLIASSERI GRAMA PANCHAYATH
AZHIKODE GRAMA PANCHAYATH
LAKSHADWEEP SEA
I MATTUL - NORTH
II KAVILEPARAMBU
III SIDDIQUABAD
IV THEKKUMBAD
V MATTUL CENTRAL
VI MADAKKARA EAST
VII MADAKKARA WEST
VIII MATTUL PALLI PRADESHAM
IX MATTUL SOUTH
X MATTUL SOUTH MUNAMBU
XI MATTUL SOUTH CHAL
XII MATTUL THANGALA PALLI CHAL
XIII MATTUL KOLKKARAN CHAL
XIV MATTUL CENTRAL CHAL
XV MATTUL ARIYIL CHAL
XVI MATTUL BAVU VALAPPIL CHAL
XVII MATTUL KAKKADAN CHAL
WARD
WARD BOUNDARY
ROAD
THODE
TEMPLE
MOSQUE
CHURCH
HEAD QUARTERS
HOSPITAL
GOVT OFFICE
ANKANAWADI
ROAD
JUNCTION
THODE
TEMPLE
SCHOOL
POLLING STATION
SCHOOL & POLLING STATION

വാർഡിലെ ഭൂപടം


2:30 PM
2 trips
MAP
STATISTICS
Muthappan Temple
Muhyidheen Masjid
200ft
--- mph
Speed
No signal
Status
Duration
Distance
--- ft
Elevation
0/49
Satellites
---, ---
Latitude/Longitude

പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി ബന്ധപ്പെട്ട വിവരങ്ങൾ

ആകെ തൊഴിൽ കാർഡ് :1315

ആകെ തൊഴിലാളികൾ :2546

ആക്റ്റീവ് തൊഴിൽ കാർഡ്:651

ആക്റ്റീവ് തൊഴിലാളികൾ :901

കഴിഞ്ഞവർഷം പഞ്ചായത്തിൽ 100 തൊഴിൽ പൂർത്തിയാക്കിയവർ :27

ആകെ തൊഴിൽ ദിനം :1513

ചിലവായ തുക :61.25 ലക്ഷം

വാർഡ് സംബന്ധിച്ച വിവരങ്ങൾ

ആകെ തൊഴിൽ കാർഡ്- 89

ആക്റ്റീവ് വർക്കേഴ്സ്-16

തൊഴിലാളികളുടെ കടമകൾ

* കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി സമയക്രമം പാലിക്കുക

* പ്രവർത്തി ആരംഭ മീറ്റിങ്ങിൽ പങ്കെടുത്ത ചെയ്യേണ്ട പ്രവർത്തികളെ കുറിച്ച് കൃത്യമായി മനസിലാക്കുക

* നിർദ്ദേശിക്കുന്ന പ്രവർത്തികൾ കൃത്യമായി ചെയ്യുക

* തൊഴിലുറപ്പ് ഗ്രാമ സഭകളിൽ പങ്കെടുക്കുക

സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമനമ്പർ | പ്രവർത്തിയുടെ പേര് | മസ്റ്റർ റോൾ നമ്പർ | തൊഴിൽ ആരംഭിച്ച തീയതി | അവസാനിച്ച തീയതി | ആകെ തൊഴിൽ ദിനങ്ങൾ | ചെലവായ തുക |
|---|---|---|---|---|---|---|
| 1 | നീർത്തട സംരക്ഷണത്തിനായി മണ്ണ് ജലസംരക്ഷണപ്രവൃത്തിWC/334608 | 8572, 8573<br>8574, 8575<br>8576, 8577 | 17/12/18<br>21/12/18<br>28/12/18 | 20/12/18<br>27/12/18<br>30/12/18 | 26<br>11<br>22 | 7176<br>3036<br>6072 |
| 2 | നീർത്തട സംരക്ഷണ പ്രവർത്തികൾWC/339270 | 11415, 11416<br>372, 373 | 11/2/19<br>11/4/19 | 17/2/19<br>12/4/19 | 65<br>23 | 17940<br>6348 |
| 3 | നീർത്തട സംരക്ഷണത്തിനായി മണ്ണ് ജലസംരക്ഷണപ്രവൃത്തിWC/328899 | 5060<br>5651 | 17/10/18<br>26/10/18 | 23/10/18<br>1/10/18 | 27<br>41 | 7452<br>11316 |
| 4 | നീർത്തട സംരക്ഷണത്തിനായി മണ്ണ് ജലസംരക്ഷണപ്രവൃത്തി WC/340454 | 10895,10896<br>10938, 10939<br>11335, 11336 | 31/1/19<br>2/2/19<br>8/2/19 | 1/2/19<br>6/2/19<br>14/2/19 | 13<br>29<br>48 | 3588<br>8004<br>13248 |

| | | | | | | |
|---|---|---|---|---|---|---|
| | | 12134<br>11738 | 25/2/19<br>18/2/19 | 3/3/19<br>24/2/19 | 46<br>52 | 12696<br>14352 |
| 5 | നീർത്തട സംരക്ഷണ പ്രവർത്തികൾ( പുഷ്പവല്ലി)W C/340452 | 12522<br>12523<br>35<br>605, 606<br>1226<br>1734<br>1735<br>2717<br>2406<br>3062 | 7/3/19<br>14/3/19<br>1/4/19<br>2/5/19<br>20/5/19<br>4/6/19<br>11/6/19<br>18/7/19<br>6/7/19<br>3/8/19 | 13/3/19<br>20/3/19<br>7/4/19<br>8/5/19<br>26/5/19<br>10/6/19<br>17/6/19<br>24/7/19<br>12/7/19<br>9/8/19 | 45<br>27<br>40<br>49<br>48<br>54<br>56<br>50<br>60<br>53 | 12420<br>7452<br>11040<br>13524<br>13248<br>14904<br>15456<br>13800<br>16560<br>14628 |

പ്രവർത്തി ഫയൽ പരിശോധിച്ച വിവരങ്ങൾ

* കവർപേജ്

ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ പ്രവർത്തി ഫയലിന്റെകവർ പേജിൽ ഉൾക്കൊള്ളിക്കണം എന്നും അതിനായി പ്രത്യേക മാതൃകയും സർക്കുലറിൽ നിർദേശിക്കുന്നുണ്ട്

.. . കവർപേജ് പരിശോധിച്ച ഫയലിൽ കാണാൻ സാധിച്ചില്ല

*ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്

ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള രേഖകളുടെ പേരും പേജ് നമ്പർ രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് സൂക്ഷിക്കേണ്ടതുണ്ട് അതിനായി പ്രത്യേക മാതൃകയും നിർദ്ദേശിക്കുന്നുണ്ട്

ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് പരിശോധിച്ച ഫയലിൽ കാണാൻ സാധിച്ചില്ല

* ആക്ഷൻ പ്ലാൻ

ഏറ്റെടുക്കുന്ന പ്രവർത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും ഷെൽഫ്ഓഫ് പ്രൊജക്ട് മുൻഗണനാക്രമത്തിൽ ഉള്ളതും ആയിരിക്കണം

പരിശോധിച്ച ഫയൽ ആക്ഷൻ പ്ലാൻ കാണാൻ സാധിച്ചു

* എസ്റ്റിമേറ്റ്

സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കേണ്ടതുണ്ട്

പരിശോധിച്ച് ഫയലിൽ എസ്റ്റിമേറ്റ് പകർപ്പ് ഉണ്ടായിരുന്നു

* സാങ്കേതിക അനുമതി

പരിശോധിച്ച ഒരു ഫയലിൽ ടെക്നിക്കൽ സാങ്ഷൻ കാണാൻ സാധിച്ചു 2 ഫയലിൽ സാധിച്ചില്ല

* ഭരണാനുമതി

ഓരോ പ്രവൃത്തിക്കും തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പരിശോധിച്ച് പ്രവർത്തിക്ക് ഭരണ സമിതി അംഗീകാരം ലഭിച്ചാൽ മാത്രമേ അനുമതി നൽകാവൂ അതിന്റെ കോപ്പി ഫയലിൽ വെക്കണം

അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ഉണ്ടായിരുന്നു

* കൺവർജെൻഡ്

പരിശോധിച്ച് ഫയലുകളിൽ കൺവർജന്റ്  ബാധകമായിട്ടുള്ളത് അല്ല

*തൊഴിൽ അപേക്ഷ

പരിശോധിച്ച് ഫയലിൽ ആവശ്യപ്പെട്ടിട്ടുള്ള അപേക്ഷ കാണാൻ സാധിച്ചിരുന്നില്ല

* തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോം

തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോം  പരിശോധിച്ച ഫയലിൽ കാണാൻ സാധിച്ചിരുന്നില്ല

* മസ്റ്റർ റോൾ

പരിശോധിച്ച മുഴുവൻ ഫയലുകളിലും മസ്റ്റർ റോൾ ഉൾപ്പെടുത്തിയിട്ടുണ്ടയിരുന്നു

* മെഷർമെന്റ് ബുക്ക് പ്രണയം

പരിശോധിച്ച മുഴുവൻ ഫയലുകളിലും മെഷർമെന്റ് ബുക്ക് ഉണ്ടായിരുന്നു

* മെറ്റീരിയൽ  പ്രകോർമെന്റ്

സാധന സാമഗ്രികൾ ഉപയോഗിച്ച് നടത്തേണ്ട പ്രവർത്തനം അല്ലാത്തതിനാൽ ഫയലിൽ  രേഖകൾ ഉണ്ടായിരുന്നില്ല

*വേജ്  ലിസ്റ്റ്

പരിശോധിച്ച് ഫയലിൽ വെയ്റ്റ് ലിസ്റ്റ് കൃത്യമായിട്ട് ഉണ്ടായിരുന്നു

* മെറ്റീരിയൽ വൗച്ചർ ബില്ലുകൾ

ബാധകമല്ല

* ഫോട്ടോഗ്രാഫ്

ഫയലിൽ മൂന്ന് ഘട്ടങ്ങളിലായി ഉൾപ്പെടുത്തേണ്ട ഫോട്ടോസ് ഉൾപ്പെട്ടതായി ഒന്നും കണ്ടില്ല

* ഫയൽ ട്രാക്കിംഗ് ഫോറം

പരിശോധിച്ച എല്ലാ ഫയലും ഫയൽ  ട്രാക്കിങ് ഫോറം  കൃത്യമായി സൂക്ഷിച്ചിരുന്നു

* പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പരിശോധിച്ച ഒരു ഫയലിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം കാണാൻ സാധിച്ചില്ല

* സൈറ്റ് ഡയറി

സൈറ്റ് ഡയറിഉണ്ടായിരുന്നു

പദ്ധതിയുടെ സുതാര്യത തൊഴിലാളികളുടെ അവകാശങ്ങൾ സാമൂഹ്യപങ്കാളിത്തം പദ്ധതി ആരംഭ മീറ്റിംഗ് തൊഴിലാളികളുടെ അപകടം സംബന്ധിച്ച വിവരങ്ങൾ വിജിലൻസ് ആൻഡ് മോണിറ്ററിങ്

കമ്മിറ്റി റിപ്പോർട്ട് സന്ദർശക കുറിപ്പ് രേഖപ്പെടുത്താനുള്ള ഒഴിവുകളിൽ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട് ഒന്നും തന്നെ ഇല്ലായിരുന്നു

പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച വിവരങ്ങൾ

* ജോബ് കാർഡ് രജിസ്റ്റർ

കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

* ഗ്രാമസഭ രജിസ്റ്റർ

കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

* തൊഴിൽ അപേക്ഷ രജിസ്റ്റർ

തൊഴിൽ അപേക്ഷ രജിസ്റ്റർ കൃത്യമായി പരിശോധിച്ചു അതിൽ തൊഴിൽ അപേക്ഷിക്കുന്നതിനു മറ്റും കൃത്യമായ ഡീറ്റെയിൽസ് കൊടുത്തിട്ടുണ്ട്

* പ്രവർത്തി രജിസ്റ്റർ

പ്രവർത്തി രജിസ്റ്റർ പരിശോധിച്ചു തൊഴിലുറപ്പിൽ നടത്തുന്ന പ്രവർത്തികളുടെ വിവരങ്ങളെല്ലാം രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്

* ആസ്തി രജിസ്റ്റർ

തൊഴിലുറപ്പ് പദ്ധതിയിലൂടെ സൃഷ്ടിച്ച ആസ്തികളുടെ വിവരങ്ങൾ, സ്ഥലം, ആസ്തിയുടെ സ്വഭാവം നിലനിൽക്കുന്ന കാലയളവ് എല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

* പരാതി രജിസ്റ്റർ

പരാതി രജിസ്റ്റർ കൃത്യമായി പരിശോധിച്ചു തൊഴിൽ സംബന്ധമായ ഒരു പരാതിയും കാണാൻ സാധിച്ചില്ല

*മെറ്റീരിയൽ രജിസ്റ്റർ

മെറ്റീരിയൽ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ

1. തൊഴിൽ കാർഡ്മായി ബന്ധപ്പെട്ടവ

തൊഴിൽ കാർഡ് ഒരു ആധികാരിക രേഖയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമത്തിലെ ഷെഡ്യൂൾ 2 പ്രകാരം തൊഴിൽ കാർഡിന് അപേക്ഷ നൽകുന്ന കുടുംബത്തിന് 15 ദിവസത്തിനകം തികച്ചും സൗജന്യമായി തൊഴിൽകാർഡ് ലഭിക്കണമെന്നും അനുശാസിക്കുന്നു കൂടാതെ കൃത്യമായ ഇടവേളകളിൽ സൗജന്യമായി പുതുക്കി നൽകാവുന്നതാണ് നിയമപ്രകാരം തൊഴിൽ കാർഡ് കൈവശം വയ്ക്കാനുള്ള അധികാരം ഉടമകൾക്കാണ് നിർവഹണ ഏജൻസിയോ മേറ്റുമാരോ കൈവശം വെക്കാൻ പാടുള്ളതല്ല

അഞ്ചാം വാർഡിൽ പണിയെടുത്ത എല്ലാ തൊഴിലാളികളും കൃത്യമായി അവരുടെ തൊഴിൽകാർഡ് കൈവശം വെച്ചിട്ടുണ്ട്

2. തൊഴിൽ അപേക്ഷ സംബന്ധിച്ച്

തൊഴിൽകാർഡുള്ള അവിദഗ്ധ കായിക തൊഴിൽ ചെയ്യുവാൻ തയ്യാറുള്ള ഏതൊരു കുടുംബത്തിനും ഓരോ സാമ്പത്തിക വർഷവും 100 ദിവസത്തെ അവിദഗ്ധ കായിക തൊഴിൽ അവകാശമുണ്ട് തൊഴിൽ ആവശ്യപ്പെട്ട് അപേക്ഷ നൽകിയാൽ കൈപ്പറ്റ് രസീത് നൽകുകയും 15 ദിവസത്തിനകം തൊഴിൽ ലഭിക്കണമെന്ന് നിയമത്തിൽ പറയുന്നു

വാർഡിലെ തൊഴിലാളികൾ മേറ്റ് മുഖേനയാണ് തൊഴിൽ ആവശ്യപ്പെടുന്നത്

3. തൊഴിൽ അനുവദിച്ചത് സംബന്ധിച്ച്

തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ആവശ്യപ്പെട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കണമെന്നാണ്. വാർഡിലെ തൊഴിലാളികൾക്ക് തൊഴിൽ ആവശ്യമുള്ള സമയങ്ങളിൽ അപേക്ഷ സമർപ്പിക്കുന്ന മുറക്ക് 15 ദിവസത്തിനകം തൊഴിൽ അനുവദിക്കേണ്ടതുണ്ട്

അപേക്ഷ സമർപ്പിക്കുന്ന മുറക്ക് കൃത്യമായി പണി ലഭിക്കാറുണ്ട്

4. തൊഴിലില്ലായ്മ വേതനം

തൊഴിൽ ആവശ്യപ്പെട്ടു കഴിഞ്ഞാൽ 15 ദിവസത്തിനകം തൊഴിൽ നൽകാത്ത പക്ഷം തൊഴിൽ

ആവശ്യപ്പെട്ട് തീയതി മുതൽ 30 ദിവസം കൂലിയുടെ 25 ശതമാനം തുകയും തുടർന്ന് 100 ദിവസ തൊഴിൽ  പൂർത്തിയാകുന്നത് വരെയുള്ള ദിവസങ്ങളിൽ കൂലിയുടെ 50 ശതമാനം തുകയും തൊഴിലാളികൾക്ക് ലഭിക്കണം

തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന സാഹചര്യം ഈ  തൊഴിലാളികൾക്ക് ഉണ്ടായിട്ടില്ല

..5. ഷെൽഫ് ഓഫ് പ്രൊജക്ട് സംബന്ധിച്ച്

വാർഡിൽ ആവശ്യമായ വികസന പ്രവൃത്തികൾ കണ്ടെത്തുന്നതിന് തൊഴിലാളികൾക്ക് അവകാശമുണ്ട് അയൽക്കൂട്ടംതല ചർച്ചയിലൂടെ കണ്ടെത്തുന്ന പ്രവർത്തികൾ ഗ്രാമസഭയിൽ അംഗീകാരം നേടുകയും തൊഴിലുറപ്പിൽ അനുവദനീയമായ പ്രവർത്തി അല്ലെങ്കിൽ നിർവഹണ ഏജൻസി പ്രവർത്തികൾ മുൻഗണനാക്രമത്തിൽ ഷെൽഫ് ഓഫ് പ്രൊജക്ട് ഉൾപ്പെടുത്തണം.

കണ്ടെത്തിയ പ്രവർത്തികൾ കൃത്യമായി ഉൾപ്പെടുത്തുകയും  ആ പ്രവർത്തികൾ പദ്ധതിയുടെ ഭാഗമായി ചെയ്യാറുമുണ്ട്

6. യാത്രാ ചെലവ് സംബന്ധിച്ച്

തൊഴിലാളികൾക്ക് താമസ സ്ഥലത്തു നിന്നും അഞ്ച് കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം ഉണ്ട് പ്രസ്തുത പരിധിക്ക് പുറത്ത് തൊഴിൽ ചെയ്യേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ യാത്രാബത്ത ആയി കൂലിയുടെ 10% തുക പ്രവർത്തി ദിവസങ്ങളിൽ ലഭിക്കണം ഓരോ വാർഡിലും കണ്ടെത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം മാത്രമേ വാർഡിനു പുറത്തുള്ള തൊഴിലാളികൾക്ക് പ്രവർത്തി അനുവദിക്കാൻ പാടുള്ളൂ

ഈ വാർഡിൽ പണിയെടുത്ത തൊഴിലാളികൾ 5 കിലോമീറ്റർ പരിധിക്ക്  അപ്പുറം തൊഴിലുറപ്പ് പ്രവർത്തി ചെയ്തിട്ടില്ല എന്നാണ് അറിയാൻ സാധിച്ചത്

7. പ്രവർത്തി സ്ഥലത്തെ സൗകര്യങ്ങൾ സംബന്ധിച്ച്

തൊഴിലിടങ്ങളിൽ നിന്നും ലഭിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളായ പ്രഥമശുശ്രൂഷ സംവിധാനങ്ങൾ, വിശ്രമസമയത്തെ സൗകര്യം, കുടിവെള്ളം, അപകടസാധ്യതയുള്ള പ്രവർത്തികളിൽ ഏർപ്പെടുമ്പോൾ സുരക്ഷാ സാമഗ്രികൾ, എന്നിവ തൊഴിലുറപ്പ് നിയമപ്രകാരം നിർവഹണ ഏജൻസി വഴി തൊഴിലാളികൾക്ക് സൗജന്യമായി ലഭിക്കേണ്ടതുണ്ട്

ഈ വാർഡിൽ പണിയെടുത്ത തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങളായ വെള്ളത്തിനുള്ള പാത്രം, കൈയുറ കാലുറ തുടങ്ങിയവ ആവശ്യമാണെന്ന് അറിയാൻ കഴിഞ്ഞു

8. വേതനം ലഭിക്കുന്നത് സംബന്ധിച്ച്

തൊഴിലുറപ്പ് സംബന്ധിച്ച തൊഴിലുറപ്പ് നിയമത്തിൽ സെക്ഷൻ 3(2) പ്രകാരം മസ്റ്റർ റോൾ കാലാവധി കഴിഞ്ഞു 15 ദിവസത്തിനകം തൊഴിലാളികളുടെ അക്കൗണ്ടിൽ കൂലി ലഭിക്കാനുള്ള അവകാശം ഉണ്ട്

പ്രസ്തുത ദിവസത്തിനുള്ളിൽ കൂലി ലഭിക്കാത്ത സാഹചര്യം തൊഴിലാളികൾക്ക് ഉണ്ടായിട്ടില്ല

9. പരാതി പരിഹാരം സംബന്ധിച്ച്

തൊഴിലുറപ്പു മായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തിൽ പരാതി ഉണ്ടാവുന്ന പക്ഷം ആയത് രേഖാമൂലം പഞ്ചായത്തിൽ പരാതിപ്പെടാവുന്നതാണ്. പരാതികൾ സ്വീകരിച്ചു പരാതിക്കാരന് കൈപ്പറ്റ് രസീത് നൽകുകയും ഏഴു ദിവസത്തിനുള്ളിൽ മറുപടി ലഭിക്കേണ്ടതാണ്. പരാതി അറിയിക്കാനുള്ള ടോൾഫ്രീ നമ്പർ പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയിൽ പഞ്ചായത്ത് ഓഫീസിൽ പ്രദർശിപ്പിക്കണം

പദ്ധതിയുമായി ബന്ധപ്പെട്ട ഒരു പരാതിയും ഉണ്ടായിരുന്നില്ല

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച്

തൊഴിലുറപ്പ് നിയമത്തിന്റെ സെക്ഷൻ 17(2) പ്രകാരം തൊഴിലുറപ്പിൽ ഏറ്റെടുത്ത പ്രവർത്തികൾ ആറ് മാസക്കാലയളവിൽ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതുണ്ട് പ്രവർത്തിയുടെ സാമ്പത്തികവും ഗുണനിലവാരവും സംബന്ധിച്ച വിവരങ്ങൾ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനാൽ പങ്കാളികളാവാൻ ഓരോ പൗരനും അവകാശമുണ്ട്

സോഷ്യൽ ഓഡിറ്റിംഗ് ഭാഗമായി തൊഴിലാളികൾ, മേറ്റ്, എന്നിവർ വിവരങ്ങൾ ലഭ്യമാക്കാൻ പങ്കാളികളായിട്ടുണ്ട്

11. ചികിത്സാസഹായം സംബന്ധിച്ച്

തൊഴിലുറപ്പ് ജോലിക്കിടയിൽ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ2(5) പ്രകാരം ചികിത്സാ ചെലവുകളുടെ രേഖകൾ സമർപ്പിച്ചാൽ തുക മുഴുവനും തൊഴിലാളികൾക്ക് ലഭിക്കുന്നതാണ്

ഓഡിറ്റ്  കാലയളവിൽ ആർക്കും തന്നെ അപകടം പറ്റിയിട്ടില്ല എന്ന് അറിയാൻ കഴിഞ്ഞു

12. പദ്ധതി ആരംഭ മീറ്റിംഗ്

തൊഴിലുറപ്പ് നിയമം ശുദ്ധിയിൽ 22 പ്രകാരം പദ്ധതി ആരംഭിക്കുന്നതിനു മുമ്പ് പദ്ധതിയെ കുറിച്ചുള്ള കാര്യങ്ങൾ അനുവദിച്ച പ്രവർത്തി ജനങ്ങൾ തൊഴിലാളികൾ ചെയ്യേണ്ട അളവുകൾ സാങ്കേതിക അറിവുകൾ എന്നിവ തൊഴിലാളികളെയും ഗുണഭോക്താക്കളെ യും ബോധ്യപ്പെടുത്തണം അതിനായി ബന്ധപ്പെട്ട നിർവഹണ  ഉദ്യോഗസ്ഥന്റെ  യും,  വാർഡ് മെമ്പർ, സാങ്കേതിക വിദഗ്ധർ, എന്നിവരുടെ സാന്നിധ്യത്തിൽ മീറ്റിംഗ് വിളിച്ചു കാര്യങ്ങൾ വിശദീകരിക്കുകയും പങ്കെടുത്തവരുടെ വിവരങ്ങൾ സൈറ്റ് ഡയറിയിൽ പ്രൊജക്റ്റ് മീറ്റിംഗ് പേജിൽ രേഖപ്പെടുത്തണം

പദ്ധതി ആരംഭ മീറ്റിംഗ് നടത്താറുണ്ട് പ്രോജക്ട് മീറ്റിംഗ് പേജിൽ തൊഴിലാളികളുടെ പേരും ഒപ്പും കാണാൻ സാധിച്ചു

13. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി

ഓരോ വാർഡിലെയും പ്രവർത്തികൾ ഗുണകരമായി നടത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന്നും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ തൊഴിലാളികൾക്കും നിർവഹണ ഏജൻസികൾക്കും നൽകുന്നതിനായി വാർഡിലെ പൊതുപ്രവർത്തകരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി ഓരോ സാമ്പത്തിക വർഷവും ഉണ്ടാകേണ്ടതാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ സന്നദ്ധ പ്രവർത്തകർ ഉണ്ടെങ്കിൽ നിർബന്ധമായും പ്രസ്തുത കമ്മിറ്റി അംഗങ്ങൾ ആകേണ്ടതാണ് ഓരോ പ്രവർത്തിയും

സന്ദർശിച്ചു വിലയിരുത്തി സൈറ്റ് ഡയറിയിലേക്ക് വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്

വിജിലൻസ് ആൻഡ് മോണിറ്ററി അംഗങ്ങൾ സന്ദർശിക്കാറില്ല

14. സന്ദർശക കുറിപ്പ്

തൊഴിലുറപ്പ് പ്രവർത്തി സ്ഥലങ്ങൾ ഏതൊരാൾക്കും സന്ദർശിക്കുന്നതിനും എസ്റ്റിമേറ്റ് ഉൾപ്പെടെ പരിശോധിക്കാവുന്നതുമാണ് പ്രസ്തുത പ്രവർത്തി മേലുള്ള സന്ദർശകരുടെ അഭിപ്രായങ്ങൾ സൈറ്റ് ഡയറിയിലെ സന്ദർശക കുറിപ്പിൽ രേഖപ്പെടുത്തുന്നതിനും അവകാശം ഉണ്ട് അതുകൊണ്ട് തന്നെ എല്ലാ പ്രവർത്തി സ്ഥലങ്ങളിലും സൈറ്റ് ഡയറി നിർബന്ധമായും സൂക്ഷിക്കണം

പ്രവർത്തി സ്ഥലങ്ങളിൽ വി ഇ ഒ, വാർഡ് മെമ്പർ, തുടങ്ങിയവർ സന്ദർശിക്കാറുണ്ട് എന്ന് അറിയാൻ കഴിഞ്ഞു

15. റോസ്ഗാർ ദിനം

തൊഴിലുറപ്പു മായി ബന്ധപ്പെട്ടു അവകാശങ്ങൾ, കടമകൾ,  എന്നിവയിൽ തൊഴിലാളികൾക്ക് അവബോധം ഉണ്ടാക്കുന്നതിനും തൊഴിലുറപ്പു മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനു വേണ്ടി വർഷത്തിൽ ഒരു ദിവസം നിർവഹണ ഏജൻസി തൊഴിലാളികൾക്ക് ഒരു ക്ലാസ്സ് സംഘടിപ്പിക്കേണ്ടത് ആണ്

റോസ്ഗാർ ദിനം നടത്താറുണ്ടെന്ന് അറിയാൻ കഴിഞ്ഞു

16. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിനായി ഏറ്റെടുത്തു ചെയ്യുന്ന പൊതു പ്രവർത്തികൾ ആരംഭിക്കുന്നതിന് മുമ്പ് പ്രാദേശിക ഭാഷയിലുള്ള  പദ്ധതി വിവരങ്ങളടങ്ങിയ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയിൽ നിർബന്ധമായും സ്ഥാപിക്കുന്നു

സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചു

ഫീൽഡ്തല പരിശോധന സംബന്ധിച്ച്

| പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് പ്രകാരം അളവ് | മെഷർമെന്റ് പ്രകാരമുള്ള അളവ് | ഫീൽഡിൽ നിന്നും ലഭിച്ചഅളവ് | റിമാർക്സ് |
|---|---|---|---|---|
| നീർത്തട സംരക്ഷണത്തിനായി മണ്ണ് ജല സംരക്ഷണ പ്രവർത്തികൾWC/334608 | Clearing jungle<br><br>Erthern bund | 2720m2<br><br>1896.24 | 2700<br><br>1896 | കൃത്യമായി കാണാൻ സാധിച്ചു<br><br>CIB ഉണ്ടായിരുന്നു |
| നീർത്തട സംരക്ഷണ പ്രവർത്തികൾWC/339270 | Clearing jungle<br><br>Earth work | 2924m2<br><br>4.7+1.175 | 2820<br><br>587 | CIB ബോർഡ് ഉണ്ടായിരുന്നു മറിഞ്ഞു കടക്കുന്നത് കാരണം ഡീറ്റെയിൽസ് കാണാൻ സാധിച്ചില്ല |
| നീർത്തടസംരക്ഷണത്തിനായി മണ്ണ് ജലസംരക്ഷണപ്രവൃത്തിwc/328899 | Earth work<br><br>Earthern bund | 135m3<br><br>294m3 | 122<br><br>190 | CIB ബോർഡ് കാണാൻ സാധിച്ചു കാലപ്പഴക്കം മൂലം കൃത്യമായി കാണാൻ സാധിച്ചില്ല |
| നീർത്തട സംരക്ഷണത്തിനായി മണ്ണ് ജലസംരക്ഷണപ്രവൃത്തിwc/340454 | Clear and jungle<br><br>Earth work | 122.40m2<br><br>95.20m2 | 11<br><br>95 | CIB ബോർഡ് കാണാൻ സാധിച്ചു<br><br>കാലപ്പഴക്കം മൂലം |

| | | | | |
|---|---|---|---|---|
| | Clear and jungle<br>Earth work<br>Clear anm2d jungle<br>Earth work<br>Clear and jungle<br>Earth work<br>Clear and jungle<br>Earth work | 238m2<br>204<br>544<br>306<br>612<br>326.40m2<br>544m2<br>292m2 | 238<br>190<br>480m2<br>306m2<br>600m2<br>250m2<br>544m2<br>200m2 | പ്രവർത്തികളിൽ അതിന്റെതായ മാറ്റങ്ങൾ സംഭവിച്ചിരുന്നു |
| നീർത്തട സംരക്ഷണ പ്രവർത്തികൾwc/340452 | Clear and jungle<br>Earth work<br>Clear and jungle<br>Earth work<br>Clear and jungle<br>Earth work | 5002m<br>163.9+155<br>318.80m2<br>600<br>350<br>295m2<br>400m2 | 450m2<br>318<br>510<br>350<br>295<br>318 | സിഐ ബി ബോർഡ് കാണാൻ സാധിച്ചില്ല<br>കാലപ്പഴക്കം മൂലം ചില മാറ്റങ്ങൾ സംഭവിച്ചിരുന്നു |

| | | | | |
|---|---|---|---|---|
| | Clear and jungle<br><br>Earth work<br><br>Earth work<br><br>Clear and jungle<br><br>earth work | 960m2<br><br>360<br><br>390<br><br>900+870<br><br>210 | 800<br><br>360m2<br><br>300<br><br>1700<br><br>210m2 | |

പദ്ധതിയുടെ പൊതു വിലയിരുത്തലുകൾ

* പഞ്ചായത്ത് ഉദ്യോഗസ്ഥർ സമയബന്ധിതമായി ഉത്തരവാദിത്തങ്ങൾ നിറവേറ്റിയിട്ടുണ്ട്

* മസ്റ്റർ സർക്കുലർ പ്രകാരം നിർദ്ദേശിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്

* തൊഴിലുറപ്പ് പദ്ധതി ഓഫീസിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

* ഈ വാർഡിൽ തൊഴിലാളികൾ കൃത്യമായി പണിയെടുക്കുന്നുണ്ട്

* പ്രവർത്തി ഫയലുകൾ സൂക്ഷിക്കേണ്ട ജിയോട് ഫോട്ടോസ് മറ്റ് പ്രവർത്തി ഫോട്ടോകൾഉണ്ടായിരുന്നില്ല

നിർദ്ദേശങ്ങൾ

* തൊഴിൽ ആവശ്യപ്പെട്ടു കഴിഞ്ഞാൽ കൃത്യമായി തൊഴിൽ നൽകാനുള്ള നടപടികൾ സ്വീകരിക്കുക

* പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക

* 5 കിലോമീറ്റർ പരിധിക്കപ്പുറം പോയി ജോലി ചെയ്യുകയാണെങ്കിൽ തൊഴിലാളികൾക്ക് അവകാശപ്പെട്ട 10% യാത്രാബത്ത അനുവദിക്കുക

* മണ്ണ് ജല സംരക്ഷണ പ്രവർത്തിയുടെ എസ്റ്റിമേറ്റിലും മെഷർമെന്റ് ബുക്കിലും ഭൂവുടമയുടെ പേരും സർവ്വേ നമ്പരും രേഖപ്പെടുത്തണം

* പ്രവർത്തി സ്ഥലങ്ങളിൽ പ്രഥമശുശ്രൂഷ കിറ്റ് , കുടിവെള്ളം, തണൽ സൗകര്യത്തിനുള്ള ടാർപോളിൻ ഷീറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

* ഏൽപ്പിക്കുന്ന ജോലി കൃത്യതയോടെ പൂർത്തീകരിക്കുക

* ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുമ്പോൾ നിർബന്ധമായും തീയതി രേഖപ്പെടുത്തുക

* തൊഴിലിടങ്ങളിൽ സമയ കൃത്യത പാലിക്കുക